# Desabhimani

## 31 August 2018

## Kochi, After Flood, Vocational Skills Task Force, Flood Victims

# ഉയിർത്തെഴുന്നേൽക്കാൻ സഹായമേകി തൊഴിൽ നൈപുണ്യ കർമസേന

**കൊച്ചി**

നെടുമ്പാശേരി മള്ളുശേരി തുരുത്ത് കോളനിയിൽ പ്രളയം കുതിർത്തെടുത്ത വീടുകൾതോറും ഒരു കൂട്ടം വിദ്യാർഥികളുണ്ട്. ചുമരിൽനിന്ന് ഇലക്ട്രിക് സ്വിച്ച്ബോർഡുകൾ ഇളക്കി, വയറിങ്ങുകൾ അഴിച്ച് ഡ്രയർ കൊണ്ട് ഉണക്കിയെടുക്കുകയാണ് അവർ. പൂർവസ്ഥിതിയിലാക്കിയ വയറിങ് കൃത്യമായോ എന്ന് പരിശോധിക്കാൻ ഒപ്പം അധ്യാപകരുമുണ്ട്. സാമ്പത്തിക സ്ഥിതി മോശമായവരെ സഹായിക്കാൻ ഇലക്ട്രിക് വയറുകളും സംഘം കൊണ്ടുവന്നിട്ടുണ്ട്. വെള്ളവും ചളിയും കയറി കേടായ മോട്ടോറുകളും പഴയ റഫ്രിജറേറ്ററുകളും ഇലക്ട്രോണിക് ഉപകരണങ്ങളും നന്നാക്കുകയാണ് മറ്റൊരു സംഘം. ചെളി കയറി അടഞ്ഞുപോയ കുടിവെള്ള പൈപ്പുകളും പൈപ്പ് കണക്ഷനുകളും നന്നാക്കുന്ന കൂട്ടരും തൊട്ടപ്പുറത്തുണ്ട്. വെള്ളം കൊണ്ടുപോയ ജനലുകളും വാതിലുകളും യഥാസ്ഥാനത്തുറപ്പിച്ചും ഒടിഞ്ഞ കട്ടിലുകളും മറ്റും നന്നാക്കിയും ഇനിയുമൊരു സംഘം.

> **24 മുതൽ 30വരെ ദിവസങ്ങളിലായി 3565 ട്രെയിനികളും 1257 ജീവനക്കാരും ഉൾപ്പെടെ 4796 പേരാണ് ഐടിഐകളെ പ്രതിനിധീകരിച്ച് സേവനരംഗത്തുള്ളത്. ഒരാഴ്ചയ്ക്കകം ഇവരുടെ സേവനമെത്തിയത് 3406 വീടുകളിൽ**
>
> **വീടുകളിൽ പോയി സേവനം സെപ്തംബർ 10 വരെ തുടരും**

എല്ലാവരും ഉത്സാഹത്തിലാണ്. തങ്ങൾ ഉയിർത്തെഴുന്നേൽക്കുന്ന ജനതയ്ക്ക് കൈത്താങ്ങാണെന്ന ആത്മവിശ്വാസമാണ് ഇവരെ നയിക്കുന്നത്.

സംസ്ഥാന തൊഴിൽ വകുപ്പിനു കീഴിലുള്ള ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നുള്ള അധ്യാപകരും വിദ്യാർഥികളും പൂർവവിദ്യാർഥികളുമാണ് സന്നദ്ധസേവനത്തിന്റെ പുതിയ വഴിവെട്ടുന്നത്. പ്രളയ ബാധിത പ്രദേശങ്ങളിൽ തൊഴിൽനൈപുണ്യത്തിന്റെ സേവനം സൗജന്യമായി നൽകിയാണ് ഈ 'തൊഴിൽ നൈപുണ്യ കർമസേന' മാതൃക കാട്ടുന്നത്. സംസ്ഥാനത്ത് കഴിഞ്ഞ ഒരാഴ്ചയ്ക്കകം ഇവരുടെ സൗജന്യസേവനമെത്തിയത് 3406 വീടുകളിലാണ്. ഓണത്തിന് പൊതുഅവധിയായിരുന്നിട്ടും ഈ കർമസേന സേവനരംഗത്തുണ്ടായിരുന്നു. 24 മുതൽ 30വരെയുള്ള ദിവസങ്ങളിലായി 3565 ട്രെയിനികളും 1257 ജീവനക്കാരും ഉൾപ്പെടെ 4796 പേരാണ് ഐടിഐകളെ പ്രതിനിധീകരിച്ച് രംഗത്തുള്ളത്. സർക്കാർ ഐടിഐകൾക്കൊപ്പം സ്വകാര്യ ഐടികളിൽനിന്നുള്ളവരുമുണ്ട്. 28നുമാത്രം ഇവരെല്ലാം ചേർന്ന് നന്നാക്കിയെടുത്തത് 1100 വീടുകളാണ്. പ്രധാനമായും തൃശൂർ, എറണാകുളം, ആലപ്പുഴ, ഇടുക്കി, കോട്ടയം ജില്ലകൾ കേന്ദ്രീകരിച്ചാണ് ജോലികൾ. മറ്റ് ജില്ലകളിൽനിന്നുള്ളവരെയും ജോലികൾക്കായി വിന്യസിച്ചിട്ടുണ്ട്. വീടുകളിൽ പോയുള്ള സേവനം സെപ്തംബർ പത്തുവരെ തുടരും.



അങ്കമാലി മല്ലുശ്ശേരി തുരുത്ത് കോളനിയിൽ പ്രളയത്തിൽ മുങ്ങിയ ഇലക്ട്രിക് ഉപകരണങ്ങൾ നന്നാക്കുന്ന ഐടിഐ സ്ക്വാഡിലെ വിദ്യാർഥികളും അധ്യാപകരും

ഇലക്ട്രിക്കൽ, ഇലക്ട്രോണിക്, പ്ലംബിങ്, കാർപെന്ററി ജോലികളാണ് പ്രധാനമായും ഇവർ ചെയ്തുകൊടുക്കുന്നത്. ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് നോഡൽ ഐടിഐകൾ വഴിയാണ്. ഹരിതകേരളം ജില്ലാ മിഷനുകളുമായി സഹകരിച്ചാണ് പ്രവർത്തനം. ക്ലിനിങ് ജോലികൾക്കു പിന്നാലെ അറ്റകുറ്റപ്പണികൾകൂടി നടത്തി വീട് വാസയോഗ്യമാക്കുകയാണ് ലക്ഷ്യം. കണ്ണൂർ, മലപ്പുറം ജില്ലകളിൽനിന്നുള്ളവർ എറണാകുളത്തും കാസർകോടുനിന്നുള്ളവർ തൃശൂരും താമസിച്ചാണ് ജോലികൾ ചെയ്യുന്നത്. ഇതിനുപുറമേ ഒറീസയിൽനിന്നുള്ള 25 അംഗ വിദഗ്ധസംഘം വെള്ളിയാഴ്ച മുതൽ കളമശേരി ഐടിഐ ജീവനക്കാർക്കൊപ്പം വിവിധ കേന്ദ്രങ്ങളിൽ സേവനം നൽകും. ഇവർ വ്യാഴാഴ്ച കളമശേരിയിലെത്തിയിട്ടുണ്ട്. ഇതിനുപറമേ പ്രളയബാധിത ജില്ലകളിൽ ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താൻ കലക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നുമുണ്ട്. വരുംദിവസങ്ങളിൽ ജില്ലാതല നോഡൽ ഐടിഐകൾവഴി ഈ സേവനം നൽകും. കലക്ഷൻ സെന്ററുകളിൽ ശേഖരിക്കുന്ന ഉൽപ്പന്നങ്ങളും സൗജന്യമായി അറ്റകുറ്റപ്പണി നടത്തും.